File No.FWLD-D2/266/2019-FWLD

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

<u>പതിനാറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.922 — 30.10.2019 ന് മറുപടിയ്ക്ക്.

## <u>വന്യമൃഗശല്യ പ്രതിരോധം</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഒ. ആർ. കേളു | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വയനാട് ജില്ലയിൽ വന്യമൃഗശല്യ പ്രതിരോധത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം വയനാട് ജില്ലയിൽ വന്യമൃഗശല്യ പ്രതിരോധത്തിനായി സൗരോർജ്ജ വേലി, ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും, മുൻപുണ്ടായിരുന്നവ അറ്റകുറ്റ പ്പണികൾ നടത്തി സംരക്ഷിക്കുകയും, പുതിയവ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കൊണ്ടും, വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ മുഴുവൻ സമയ പട്രോളിംഗ് നടത്തിക്കൊണ്ടും, വന്യമൃഗശല്യ പ്രതിരോധ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, ജനവാസ മേഖലകളിൽ ശല്യം ചെയ്യുന്ന മൃഗങ്ങളെ കൂടുവച്ച് പിടിച്ച് പുനരധിവസിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിൽ വന്യമൃഗശല്യ പ്രതിരോധത്തിനായി എത്ര തുക ചെലവഴിച്ചെന്നും ഏതെല്ലാം സ്ഥലങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്തുവെന്നും വ്യക്ത മാക്കാമോ; | (ബി) | പ്രസ്തുത കാലയളവിൽ വന്യമൃഗശല്യ പ്രതിരോധത്തിനായി വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |

| സ്ഥലം | പ്രവർത്തി | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| മേപ്പാടി | പവർ ഫെൻസിംഗ് | 458422 |
| മേപ്പാടി | പവർ ഫെൻസിംഗ് | 334644 |
| മേപ്പാടി | പവർ ഫെൻസിംഗ് | 632000 |
| മേപ്പാടി | സോളാർ പവർ ഫെൻസിംഗ് | 27390 |

| | | |
|---|---|---|
| ചെതലത്ത് | ആന പ്രതിരോധ കിടങ്ങ് | 1600941 |
| ചെതലത്ത് | ആന പ്രതിരോധ മതിൽ | 103703705 |
| ചെതലത്ത് | പവർ ഫെൻസിംഗ് | 6071440 |
| ചെതലത്ത് | ആന പ്രതിരോധ ഗെയിറ്റ് | 567940 |
| ചെതലത്ത് | ആന പ്രതിരോധ മതിൽ | 368410 |
| ചെതലത്ത് | പവർ ഫെൻസിംഗ് | 580254 |
| ചെതലത്ത് | ആന പ്രതിരോധ ഗെയിറ്റ് | 10282 |
| ചെതലത്ത് | ആന പ്രതിരോധ കിടങ്ങ് | 2824729 |
| ചെതലത്ത് | ആന പ്രതിരോധ കിടങ്ങ് | 1887000 |
| ചെതലത്ത് | പവർ ഫെൻസിംഗ് | 1236000 |
| ചെതലത്ത് | ആന പ്രതിരോധ ഗെയിറ്റ് | 353000 |
| ചെതലത്ത് | പവർ ഫെൻസിംഗ് | 190680 |
| കൽപ്പറ്റ | പവർ ഫെൻസിംഗ് | 1028409 |
| കൽപ്പറ്റ | പവർ ഫെൻസിംഗ് | 217951 |
| കൽപ്പറ്റ | പവർ ഫെൻസിംഗ് | 267000 |
| തിരുനെല്ലി, വെള്ളമുണ്ട, തൊണ്ടർ നാടക്ക | സോളാർ പവർ ഫെൻസിംഗ് | 1609000 |
| മാനന്തവാടി | വാച്ചർമാരെ വിന്യസിക്കൽ | 14017000 |
| മാനന്തവാടി | ആനകളെ തുരത്തുന്നതിന് | 4701000 |
| തോൽപ്പെട്ടി, കുറിച്ചിയാട്, സുൽത്താൻ ബത്തേരി | സോളാർ പവർ ഫെൻസിംഗ് | 8297000 |
| തോൽപ്പെട്ടി, കുറിച്ചിയാട്, സുൽത്താൻ ബത്തേരി | ആന പ്രതിരോധ കിടങ്ങ് | 5237000 |
| തോൽപ്പെട്ടി, കുറിച്ചിയാട്, സുൽത്താൻ ബത്തേരി | ആന പ്രതിരോധ കിടങ്ങ് അറ്റകുറ്റപ്പണികൾ | 578000 |

| | | | |
|---|---|---|---|
| | | | തോൽപ്പെട്ടി, കറിച്ചിയാട്, സുൽത്താൻ ബത്തേരി – ആന പ്രതിരോധ കിടങ്ങ് – 209000<br>കൂടാതെ കിഫ്ബി -ഫേസ് 1-ൽ ഉൾപ്പെടുത്തി സത്രംകുന്ന് മുതൽ മൂടക്കൊല്ലി വരെ 10 കി.മി. ദൂരത്തിൽ റെയിൽ ഫെൻസിംഗ് നിർമ്മാണം പുരോഗമിച്ചു വരുന്നുണ്ട്. |
| (സി) | വയനാട് ജില്ലയിൽ വന്യമൃഗശല്യ പ്രതിരോധത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് വനം വകുപ്പ് ഉദ്ദേശിക്കുന്നതെന്നും ഏതെല്ലാം സ്ഥലങ്ങളിൽ എത്ര തുക ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികളെന്ന് വ്യക്തമാക്കാമോ? | (സി) | വയനാട് ജില്ലയിൽ വന്യമൃഗശല്യ പ്രതിരോധത്തിനായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്താനാണ് വനം വകുപ്പ് ഉദ്ദേശിക്കുന്നത്.<br><br>2019-20 സാമ്പത്തിക വർഷത്തിൽ ചെതലത്ത് റെയ്ഞ്ചിൽ ദാസനക്കര, പാതിരിയമ്പലം, പാത്രമൂല, കക്കോടൻ ബ്ലോക്ക് പ്രദേശങ്ങളിൽ 14.5കി.മീറ്റർ ദൂരത്തിലും, കൽപ്പറ്റ റെയ്ഞ്ചിൽ കന്നുംപുറം - പത്താംമൈൽ പ്രദേശങ്ങളിൽ 3.2 കി.മീ. ദൂരത്തിലും, മേപ്പാടി റെയ്ഞ്ചിൽ വെങ്ങക്കോട് - ചെമ്പ്ര പ്രദേശങ്ങളിൽ-5 കി.മി. ദൂരത്തിലുമായി 25.7 കിലോമീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിങ്ങ് നടപ്പിലാക്കുന്നതിന് 13.90 കോടി രൂപ കിഫ്ബി രണ്ടാംഘട്ട പ്രൊജക്ട് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ, പുതിയതായി 12 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ കമ്പിവേലിയും, 2 കിലോമീറ്റർ ആനപ്രതിരോധ കിടങ്ങും, 30 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ കമ്പിവേലി യുടെയും അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം വനത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയ്ഞ്ചിന്റെ പരിധിയിലുള്ള കൊള്ളിവയൽ, മണൽവയൽ, ചുള്ളിക്കാട്, മാടാപ്പറമ്പ് എന്നീ |

| | | | |
|---|---|---|---|
| | | | പ്രദേശങ്ങളിലെ 9 1 കുടംബങ്ങളെ കിഫ്ബി രണ്ടാംഘട്ട പ്രോജക്ടിൽ ഉൾപ്പെടുത്തി വനത്തിനുപുറത്ത് പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, തോൽപ്പെട്ടി, കുറിച്ചിയാട്, സുൽത്താൻ · ബത്തേരി റെയിഞ്ചുകളിലായി 410 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ കിഫ്ബി ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ അനുമതി ലഭിച്ചതിൽ 190 മീറ്റർ നിർമ്മാണം പുരോഗമിച്ചു വരുന്നു. അതോടൊപ്പം കിഫ്ബി രണ്ടാംഘട്ട പ്രോജക്ടിൽ ഉൾപ്പെടുത്തി കനാൽ മുതൽ പഴൂർ വരെ 6.30 കി.മീറ്റർ നീളത്തിലും വടക്കനാട് ഭാഗത്തെ പണയമ്പം മുതൽ വെള്ളക്കെട്ട് വരെ 4.50 കി.മി. നീളത്തിലും ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ് നിർ മ്മിക്കുന്നതിന് 5.50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ